LIBRARY ARCHIVES Kerala Legislative Assembly

ഇറച്ചിക്കോഴിയുടെയും മുട്ടക്കോഴിയുടെയും മൂല്യവർദ്ധിത നികുതി

137 (7973) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഇറച്ചിക്കോഴിക്കും മുട്ടക്കോഴിക്കും ഒരേ നിരക്കിലാണ് മൂല്യവർദ്ധിത നികുതി നിശ്ചയിച്ചിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ :

(ബി) വിവിധ സർക്കാർ പദ്ധതികൾക്കായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായും മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ വേർതിരിക്കുവാനും പ്രസ്തുത സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന മുട്ടക്കോഴികളെ മൂല്യവർദ്ധിത നികുതിയിൽ നിന്നും ഒഴിവാക്കുവാനും നടപടി സ്വീകരിക്കുമോ ;

(സി) കേരളത്തിലെ മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അതുവഴി മുട്ട ഉൽപ്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുവാനും പ്രസ്തുത നികുതി പരിഷ്കരണം കൊണ്ട് കഴിയുമെന്നു കരുതുന്നുണ്ടോ ;

(ഡി) അങ്ങനെയെങ്കിൽ ഈ രംഗത്തെ നികുതി പരിഷ്കരണത്തിന് എന്തു നടപടിയാണ് സ്വീകരിക്കുകയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം പൗൾട്രി എന്ന നിർവചനത്തിലാണ് കോഴി ഉൾപ്പെടുന്നത്. പ്രസ്തുത നിയമത്തിൽ ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നുള്ള വേർതിരിവില്ല. അതിനാൽ 14.5 ശതമാനമാണ് നികുതി നിരക്ക്.

(ബി - ഡി) ഒരു പ്രത്യേക വിഭാഗത്തിന് മാത്രമായി ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥകൾ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഇല്ല. കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മുട്ട നികുതി വിമുക്തമാണ്.

"ചെക്ക്പോസ്റ്റുകളിലൂടെ ഇതരചക്രവാഹനങ്ങളിൽ നികുതി വെട്ടിച്ച് ഇറച്ചിക്കോഴി കടത്തൽ"

138 (7974) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ചെക്ക്പോസ്റ്റുകളിൽ കൂടി നികുതി വെട്ടിച്ച് ബൈക്കുകളിൽ വ്യാപകമായി ഇറച്ചിക്കോഴി കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;